2024 JULY 06 SATURDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY

www.societytodaynews.com

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## കൊച്ചിൻ ഷിപ്പ്‌യാർഡ് വിപണി മൂല്യത്തിൽ ഒന്നാമത്



**കൊച്ചി:** കേരളം ആസ്ഥാനമായ കമ്പനികളിൽ 74,651 കോടി രൂപയുടെ വിപണി മൂല്യം നേടി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ ഷിപ്പ്‌യാർഡ് ഒന്നാമതെത്തി. കമ്പനിയുടെ ഓഹരി വില 5.88 ശതമാനം ഉയർന്ന് 2,837.60 രൂപയിലെത്തിയതാണ് നേട്ടമായത്. കഴിഞ്ഞ രണ്ട് വർഷത്തിനിടെ വിദേശ കമ്പനികളിൽ നിന്ന് ഉൾപ്പെടെ കൊച്ചിൻ ഷിപ്പ്‌യാർഡിന് നിരവധി കരാറുകളാണ് ലഭിച്ചത്. 72,689 കോടി രൂപ വിപണി മൂല്യമുള്ള മുത്തൂറ്റ് ഫിനാൻസാണ് രണ്ടാം സ്ഥാനത്ത്. തൃശൂരിലെ കല്യാൺ ജ്വല്ലേഴ്സ് 51,069 കോടി രൂപയുടെ വിപണി മൂല്യത്തോടെ സംസ്ഥാനത്തെ നാലാമത്തെ വലിയ കമ്പനിയായി. 45,577 കോടി രൂപയുടെ വിപണി മൂല്യവുമായി ഫെഡറൽ ബാങ്ക് തൊട്ടുപിന്നിലുണ്ട്.

കേരളത്തിലെ ഏറ്റവും മൂല്യമുള്ള കമ്പനി, ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനമായ മുത്തൂറ്റ് ഫിനാൻസാണ്. ഓഹരി ഒന്നിന് 1,795.83 രൂപ വിലയുള്ള മുത്തൂറ്റ് ഫിനാൻസിൻറെ വിപണി മൂല്യം 72,689 കോടി രൂപയാണ്. 2011 ജൂണിൽ 182 രൂപയായിരുന്നു മുത്തൂറ്റ് ഫിനാൻസ് ഓഹരി വില. ഒരു വർഷത്തിനിടെ ഓഹരി വില 1,166 രൂപയിൽ നിന്ന് 1860 രൂപയിലേക്ക് ഉയർന്നു. കേന്ദ്ര സർക്കാർ കാർഷിക ഉത്പന്നങ്ങളുടെ തറവില കുത്തനെ ഉയർത്തിയതും പൊതുമേഖലയുടെ വളർച്ചയ്ക്ക് കൂടുതൽ ശ്രദ്ധ പതിപ്പിച്ചതുമാണ് ഫാക്റ്റിൻറെ ഓഹരി വില ഒരു വർഷത്തിനിടെ കുതിച്ചുയരാൻ ഇടയാക്കിയത്. 13 വർഷം മുമ്പ് കമ്പനിയുടെ ഓഹരി വില കേവലം 12.19 രൂപയായിരുന്നു. ഒരു വർഷത്തിനിടെ കമ്പനിയുടെ ഓഹരി വില 374 രൂപയിൽ നിന്ന് 1,187 രൂപ വരെ ഉയർന്നിരുന്നു. നിലവിൽ വില 1,017 രൂപയാണ്. ചുരുങ്ങിയ സമയത്തിനുള്ളിലാണ് കല്യാൺ ജ്വല്ലേഴ്സിൻറെ വില 122 രൂപയിൽ നിന്ന് 502 രൂപയിലേക്ക് കുതിച്ചുയർന്നത്. അതിവേഗത്തിൽ വിപണി വികസിപ്പിച്ചതും വിദേശ നിക്ഷേപകരുടെ പിന്തുണയുമാണ് കല്യാൺ ജ്വല്ലേഴ്സിന് ഗുണമായത്.



## ലോകത്തിലെ ഏറ്റവും വലിയ കാർ മാർക്കറ്റ് ദുബായിൽ

**മുംബൈ:** ലോകത്തിലെ ഏറ്റവും വലിയ കാർ മാർക്കറ്റ് ഇനി 'ദുബായ് കാർ മാർക്കറ്റ്' എന്ന പേരിലാകും അറിയപ്പെടുക. ദുബായ് ഗവൺമെൻറും എമിറേറ്റ്സിലെ പ്രമുഖ ആഗോള കമ്പനിയായ ഡിപി വേൾഡും പുതിയ ബൃഹത് പദ്ധതിക്ക് കരാർ ഒപ്പുവച്ചു. ഓട്ടോമോട്ടീവ് രംഗത്ത് ദുബായിയെ ലോകശ്രദ്ധയിലേക്ക് കൊണ്ടു വരികയാണ് പദ്ധതിയുടെ ലക്ഷ്യം. വിദേശ നിക്ഷേപകർക്ക് പുതിയ അവസരങ്ങളുമാകും.

ദുബായ് കാർ മാർക്കറ്റിൻറെ വിസ്തൃതി രണ്ട് കോടി ചതുരശ്രയടിയാകും. നിലവിൽ ദുബായ് മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള ഫ്രീ ഇക്കണോമിക് സോണിൽ 28 ലക്ഷം ചതുരശ്രയടി വിസ്തൃതിയുള്ള ഓട്ടോമോട്ടീവ് ഏരിയ പ്രവർത്തിക്കുന്നുണ്ട്. ഇതാണ് രണ്ട് കോടി ചതുരശ്രയടിയിലേക്ക് വിപുലീകരിക്കുന്നത്. നിലവിൽ ഏഴു കോടി ദിർഹമാണ് ഈ മേഖലയുടെ വിപണി മൂല്യം. പുതിയ പദ്ധതി വരുന്നതോടെ ഇത് മൂന്നു മടങ്ങായി വർധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പുതിയ കാർ മാർക്കറ്റ്, ദുബായ് സർക്കാരിൻറെ ഇക്കണോമിക് അജണ്ടയായ ഡി33ൻറെ ഭാഗമാകും. ലോകോത്തര കാറുകളുടെ നിർമാണം, വിൽപ്പന, സർവീസ്, കാർ ഫിനാൻസ്, ഓട്ടോമോട്ടീവ് ഉത്പന്നങ്ങളുടെ വിൽപ്പന തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുക.

ലോക നിലവാരത്തിലുള്ള ഓട്ടോ എക്സ്പോയും ഇവിടെ നടക്കും. ഈ രംഗത്തെ പുത്തൻ ട്രെൻഡുകളെ പരിചയപ്പെടാനുള്ള വേദിയാകും.

കാർ മാർക്കറ്റിൻറെ നടത്തിപ്പ് ചുമതല ഡിപി വേൾഡിനാണ്. 86 രാജ്യങ്ങളിലായി അവർക്ക് 430 ബിസിനസ് യൂണിറ്റുകളുണ്ട്. ഇവയെ ബന്ധിപ്പിച്ചായിരിക്കും ദുബായ് കാർ മാർക്കറ്റിനെ വിപുലീകരിക്കുക. ലോകത്തിൻറെ വിവിധ ഭാഗങ്ങളിലായി കമ്പനിയുടെ കീഴിലുള്ള 77 തുറമുഖങ്ങളെ ഇതിനായി ഉപയോഗപ്പെടുത്തും.ഓട്ടോമോട്ടീവ് രംഗത്ത് വിദേശ നിക്ഷപം കൂടുതൽ ആകർഷിക്കാനാണ് ഇതുവഴി ദുബായ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രമുഖ കാർ നിർമാതാക്കൾ, സേവന ദാതാക്കൾ, ഫിനാൻസ് കമ്പനികൾ, ഇവൻറ് കമ്പനികൾ തുടങ്ങിയവർ നിക്ഷേപവുമായ എത്തുമെന്നാണ് പ്രതീക്ഷ.

## 37.5 കോടി ഇന്ത്യക്കാരുടെ ആധാർ വിവരങ്ങൾ ചോർത്തിയതായി ഹാക്കർ; നിഷേധിച്ച് എയർടെൽ




**ന്യൂഡൽഹി:**എയർടെൽ ഉപഭോക്താക്കളായ ഇന്ത്യക്കാരുടെ ആധാർ വിവരങ്ങൾ ചോർത്തിയെന്ന അവകാശവാദവുമായി ഹാക്കർ രംഗത്ത്. സെൻസൻഎന്നു പേരുള്ള ഹാക്കറാണ് 37.5 കോടി ഇന്ത്യക്കാരുടെ ആധാർ വിവരങ്ങൾ ചോർത്തിയെന്ന് അവകാശപ്പെട്ടത്. ഡാർക്ക് വെബിൽ ഇതു സംബന്ധിച്ച വിവരങ്ങൾ വിൽപനയ്ക്കു വച്ചിട്ടുണ്ടെന്നുമാണ് അവകാശ വാദം.

എന്നാൽ ഇത്തരത്തിലുള്ള ഒരു സംഭവവും നടന്നിട്ടില്ലെന്നാണ് എയർടെൽ പ്രതിനിധികൾ പറയുന്നത്. ജൂണിൽ നടന്നുവെന്നു പറയപ്പെടുന്ന ഒരു തരത്തിലുള്ള വിവരം ചോർത്തലും തങ്ങളുടെ സംവിധാനത്തിൽ സംഭവിച്ചിട്ടില്ലെന്നും എയർടെൽ ഉറപ്പു പറയുന്നു. തങ്ങളുടെ പ്രതിച്ഛായ തകർക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഇത്തരത്തിലുള്ള ആരോപണങ്ങളെന്നും എയർടെൽ അധികൃതർ വിശദീകരിച്ചു. ഡാർക്ക് വെബിൽ നടക്കുന്ന അനധികൃത ഇടപാടുകളെക്കുറിച്ച് റിപ്പോർട്ട് ചെയ്യുന്ന ഡാർക്ക് വെബ് ഇൻഫോർമർ എന്ന എക്സ് പേജിലാണ് ആദ്യം ഇതിനെക്കുറിച്ചുള്ള വാർത്തകൾ പ്രത്യക്ഷപ്പെട്ടത്.

37.5 കോടി പേരുടെ വിവരങ്ങൾ അൻപതിനായിരം യു എസ് ഡോളറിനാണ് (ഏകദേശം 41 ലക്ഷം രൂപ) വിൽപനയ്ക്കു വച്ചതെന്നും ഡാർക്ക് വെബ് ഇൻഫോർമർ കണ്ടെത്തി. ഇത്രയും തുകയ്ക്കു തുല്ല്യമായ ക്രിപ്റ്റോ കറൻസിയാണ് ഹാക്കർ ആവശ്യപ്പെടുന്നത്. പേരും മൊബൈൽ നമ്പറും ഇമെയിൽ ഐഡിയും തുടങ്ങി ജനനത്തീയതി വരെ ഹാക്കർമാർ ചോർത്തിയെന്നും ഇതിൽ പറയുന്നുണ്ട്. നേരത്തെ വിദേശകാര്യ മന്ത്രാലയത്തിന്റെ പക്കലുള്ള ഡിപ്ലോമാറ്റിക്ക് പാസ്പോർട്ട് ഹോൾഡർമാരുടെ വിവരങ്ങളും ഇത്തരത്തിൽ ചോർത്തിയതായി ചൈനീസ് ഹാക്കറായ സെൻസെൻ അവകാശപ്പെട്ടിരുന്നു.

## കോഴിക്കോട്ട് ഒരു കുട്ടിക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം

**കോഴിക്കോട്:** ജില്ലയിൽ ഒരു കുട്ടിക്കു കൂടി അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. തിക്കോടി പള്ളിക്കര സ്വദേശിയായ പതിനാലുകാരനാണ് രോഗം സ്ഥിരീകരിച്ചത്. സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലുള്ള കുട്ടിയുടെ ആരോഗ്യനില തൃപ്തികരമാണ്. മരുന്നുകളോട് പ്രതികരിക്കുന്നുണ്ടെന്നും ഡോക്ടർമാർ പറഞ്ഞു.

കിഴൂർ കാട്ടുംകുളത്തിൽ നിന്നായിരുന്നു കുട്ടി കുളിച്ചത്. 5 ദിവസം മുൻപാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മൂന്നു കുട്ടികളാണ് കോഴിക്കോട്ടെ ആശുപത്രികളിൽ ഒന്നര മാസത്തിനിടെ മരിച്ചത്. ഫറോക്ക് സ്വദേശിയായ മൃദുൽ (12), കണ്ണൂർ സ്വദേശിയായ ദക്ഷിണ (13), മലപ്പുറം മുന്നിയൂർ സ്വദേശി ഫദ്‌വ (5) എന്നിവരാണ് മരിച്ചത്.

കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കാണപ്പെടുന്ന 'ബ്രെയിൻ ഈറ്റർ' എന്ന പേരിൽ അറിയപ്പെടുന്ന അമീബ മൂക്കിലെ നേർത്ത തൊലിയിലൂടെയാണ് പ്രധാനമായും ശരീരത്തിൽ പ്രവേശിക്കുന്നത്. തലച്ചോറിനെയാണ് അമീബ ബാധിക്കുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കുസാറ്റ് മൂന്ന് വർഷത്തെ എൽഎൽബി ബിരുദദാന ചടങ്ങ് ഇന്ന്

**കൊച്ചി;** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ നിന്ന് മൂന്ന് വർഷത്തെ എൽഎൽബി പൂർത്തിയാക്കി 20192022 ബാച്ച്. ബിരുദദാന ചടങ്ങ് ഇന്ന് വിവിധ മേഖലകളിലെ ചില പ്രമുഖരുടെ ബിരുദദാന ചടങ്ങാണ് ഇന്ന് (ജൂലൈ 6) നടക്കുന്നത്.

കൊച്ചി വാട്ടർ മെട്രോ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറും കൊച്ചി മെട്രോ ജനറൽ മാനേജറുമായ സാജൻ പി ജോൺ, കെഎസ്ഇബി സീനിയർ ഫിനാൻസ് ഓഫീസർ ശിവശങ്കരൻ, എഫ്.എ.സി.ടി വിജിലൻസ് ഓഫീസർ ബാലകൃഷ്ണൻ, ഇപിഎഫ്ഒ റീജിയണൽ കമ്മീഷണർ പ്രണവ്, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ റീജിയണൽ മാനേജർ രാകേഷ് സി, കെഎസ്ഐടിഐസി മാനേജർ (ലാൻഡ് അസറ്റ്സ്) സബീന ഷാന റിയാസ്, കുസാറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റ്മോസ്ഫെറിക് സയൻസസ് ക്ലൈമറ്റ് സയന്റിസ്റ്റ് ഡോ. വി. മധു, ചാർട്ടേഡ് അക്കൌണ്ടന്റ് സജീവ് പിജി, ചാർട്ടേഡ് അക്കൌണ്ടന്റ് ശ്രീജിത്, അസോസിയേറ്റ് പ്രൊഫസർ ഡോ. അനു അന്ന ജേക്കബ് എന്നിവരുൾപ്പടെ, 2019 2022 ബാച്ചിലെ 35 വിദ്യാർത്ഥികൾ മൂന്ന് വർഷത്തെ എൽഎൽബി പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കി.

വൈകിട്ട് 5.30 ന് കുസാറ്റ് സയൻസ് സെമിനാർ കോംപ്ലക്സിൽ നടക്കുന്ന പരിപാടിയിൽ വൈസ് ചാൻസലർ ഡോ. പി. ജി. ശങ്കരൻ അധ്യക്ഷത വഹിക്കും. കേരള ഹൈക്കോടതി അഡീഷണൽ ജഡ്ജി ജസ്റ്റിസ് ശ്യാംകുമാർ വി. എം മുഖ്യപ്രഭാഷണം നടത്തും.കുസാറ്റ് ലോ ഡീൻ ഓഫ് ഫാക്കൽറ്റിയായ ഡോ. കെ.സി.സണ്ണി പ്രത്യേക പ്രഭാഷണം നടത്തും. എസ്എൽഎസ് ഡയറക്ടർ ഡോ പ്രീത എസ്, വിദ്യാർത്ഥി പ്രതിനിധി സജീവ് പി ജി എന്നിവർ സംസാരിക്കും.

# സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി (ഹോണേഴ്സ്) , പഞ്ചവത്സര ബി.കോം എൽ.എൽ.ബി (ഹോണേഴ്സ്) പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ജൂലൈ 8 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ബി.ബി.എ എൽ.എൽ.ബി (ഹോണേഴ്സ്) യിൽ 9 സീറ്റുകളും ബി.കോം എൽ.എൽ.ബി (ഹോണേഴ്സ്) യിൽ 14 സീറ്റുകളുമാണ് ഒഴിവ്. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 09.00 ന് കുസാറ്റ് സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9383445550എന്ന നമ്പറിലോ sis@cusat.ac.in എന്ന മെയിലിലോ ബന്ധപ്പെടുക.

# എം.എസ്.സി ഓഷ്യനോഗ്രഫി പ്രോഗ്രാമിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഫിസിക്കൽ ഓഷ്യനോഗ്രഫി വകുപ്പിൽ, എം.എസ്.സി ഓഷ്യനോഗ്രഫി പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ജൂലൈ 9 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 11.00 ന് ഫിസിക്കൽ ഓഷ്യനോഗ്രഫി വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 04842363950, 04842863118, 8281602950 നമ്പറുകളിൽ ബന്ധപ്പെടുക.

# ഫിസിക്കൽ ഓഷ്യനോഗ്രഫി വകുപ്പിൽ വാക്ക്ഇൻ ഇൻറർവ്യു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശലയിലെ ഫിസിക്കൽ ഓഷ്യനോഗ്രഫി വകുപ്പിൽ ഡിആർഡിഒ സ്കീമിൽ വരുന്ന പ്രോജക്ടിൽ ജൂനിയർ റിസർച്ച് ഫെല്ലോ ഒഴിവിലേക്ക് വാക്ക് ഇൻ ഇൻറർവ്യൂ നടത്തുന്നു. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂലൈ 17, രാവിലെ 10.00 ന്, കുസാറ്റ് സ്കൂൾ ഓഫ് മറൈൻ സയൻസിലെ ഫിസിക്കൽ ഓഷ്യനോഗ്രഫി വകുപ്പിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം.. കൂടുതൽ വിവരങ്ങൾക്ക് www.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# ബയോടെക്നോളജി വകുപ്പിൽ വാക്ക്ഇൻ ഇൻറർവ്യു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ബയോടെക്നോളജി വകുപ്പിൽ ഗസ്റ്റ് അധ്യാപക ഒഴിവിലേക്ക് വാക്ക്ഇൻ ഇൻറർവ്യു നടത്തുന്നു. ജൂലൈ 11, രാവിലെ 10.00 ന് ബയോടെക്നോളജി വകുപ്പിൽ വച്ചാണ് അഭിമുഖം. മൈക്രോ ബയോളജി1, സുവളജി1, ബോട്ടണി1 എന്നിങ്ങനെയാണ് ഒഴിവ്. യോഗ്യത സംബന്ധിച്ച മറ്റു വിവരങ്ങൾക്ക് www.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.



# പാരീസിലെ ഗാലറീസ് ലഫായെറ്റിലെ ഫ്ളാഗ്ഷിപ് സ്റ്റോറിൽ യുപിഐ സേവനം ആരംഭിച്ചു

**കൊച്ചി:** ലോകോത്തര ഷോപ്പിങിൻറെ പേരിൽ അറിയപ്പെടുന്ന പാരീസിലെ ഗാലറീസ് ലഫായെറ്റിലെ പതാക വാഹക സ്റ്റോറിൽ യുപിഐ സൗകര്യം ഏർപ്പെടുത്തി. എൻപിസിഐ ഇൻറർനാഷണൽ പെയ്മെൻറ്സ് ഫ്രാൻസിലെ ഇകോമേഴ്സ് സുരക്ഷാ, പ്രോക്സിമിറ്റി പെയ്മെൻറ് രംഗത്തെ മുൻനിരക്കാരായ ലൈറയുമായുള്ള സഹകരണത്തിൻറെ അടിസ്ഥാനത്തിലാണ് ഇതിനു തുടക്കം കുറിച്ചത്.

ഇന്ത്യയിൽ നിന്നെത്തുന്ന സഞ്ചാരികൾക്ക് അവരുടെ പാരീസ് അനുഭവങ്ങൾ കൂടുതൽ മനോഹരമാക്കും വിധം ചരിത്രപ്രാധാന്യമുള്ള ഈ ആഡംബര ഡിപാർട്ട്മെൻറ് സ്റ്റോറിൽ യുപിഐ ഇടപാടുകൾ നടത്താൻ ഇനി സാധിക്കും. ഈഫൽ ടവറിലെ ഓൺലൈൻ ടിക്കറ്റുകൾ ബുക്കു ചെയ്യാൻ യുപിഐ സൗകര്യം ഏർപ്പെടുത്തിയതിനു ശേഷമുള്ള യുപിഐ അവതരണമാണ്. ഇന്ത്യൻ അമ്പാസിഡർ ജാവേദ് അഷ്റഫിൻറെ സാന്നിധ്യത്തിലാണ് ഇതിൻറെ പ്രഖ്യാപനം നടത്തിയത്.

ഏറ്റവും സൗകര്യപ്രദവും സുരക്ഷിതവുമായ രാജ്യാന്തര പെയ്മെൻറ് രീതിയായി ഇന്ത്യൻ വിനോദ സഞ്ചാരികൾ യുപിഐ സ്വീകരിക്കുവാൻ ഈ സഹകരണം സഹായിക്കുമെന്ന് എൻപിസിഐ ഇൻറർനാഷണൽ സിഇഒ റിതേഷ് ശുക്ല പറഞ്ഞു.

ഒളിമ്പികിനായി പാരീസിലേക്ക് എത്താൻ ഇന്ത്യൻ സഞ്ചാരികൾക്ക് മറ്റൊരു കാരണം കൂടിയാകുന്ന രീതിയിൽ ഈ നീക്കമെന്ന് ലൈറ ഇന്ത്യ ചെയർമാൻ ക്രിസ്റ്റോഫെ മാരിയെറ്റ് പറഞ്ഞു.

യൂറോപിൽ യുപിഐ പണമടക്കൽ സാധ്യമാക്കിയ ആദ്യ ഡിപാർട്ട്മെൻറ് സ്റ്റോർ ആയി മാറിയതിൽ തങ്ങൾക്ക് അഭിമാനമുണ്ടെന്ന് ഗാലറീസ് ലഫായെറ്റ് സിഇഒ നിക്കാളാസ് ഹൂസെ പറഞ്ഞു.

# ‘സസന്തോഷം കാനഡ’ ഒൻപതു മുതൽ 13 വരെ

**കണ്ണൂർ:** കാനഡ സർക്കാരിൻറെ പുതിയ സ്റ്റഡി വിസാ നയത്തിൻറെ സാധ്യതകൾ വിദ്യാർഥികൾക്കു പ്രയോജനപ്പെടുത്താൻ സാൻറാ മോണിക്ക സംഘടിപ്പിക്കുന്ന ’സസന്തോഷം കാനഡ’ക്ക്ഒൻപതിന് തുടക്കമാകും. കാനഡയിലെ 10 പ്രോവിൻസുകളും അതാത് പ്രോവിൻസുകളിലെ തൊഴിൽ സാധ്യതകൾക്കനുസരിച്ചുള്ള കോഴ്സുകൾക്ക് മാത്രം സ്റ്റുഡൻറ് വീസ അനുവദിക്കുന്നതാണ് പുതിയ സ്റ്റഡി വീസാ നയത്തിലെ സുപ്രധാന ഭേദഗതി.




കൂടാതെ, പാർട്ട് ടൈം ജോലി ചെയ്യാനുള്ള സമയം ആഴ്ചയിൽ 20 മണിക്കൂറിൽ നിന്നും 24 മണിക്കൂറായി വർധിപ്പിച്ചിട്ടുമുണ്ട്. പ്ലസ് ടു, ഡിഗ്രി കഴിഞ്ഞവർക്കും വിവാഹിതർക്കും പ്രായപരിധിയില്ലാതെ എൻജിനിയറിംഗ്, ട്രേഡിംഗ്, സോഷ്യൽ വർക്ക്, ഹെൽത്ത് കെയർ, ഏർലി ചൈൽഡ് ഹുഡ് എഡ്യുക്കേഷൻ ഉൾപ്പെടെ നിരവധി തൊഴിൽ സാധ്യതകളേറിയ കോഴ്സുകളിലേക്കു പ്രവേശനം നേടാനാകും.

ഒൻപതു മുതൽ 13 വരെ രാവിലെ10 മുതൽ വൈകുന്നേരം അഞ്ചു വരെ സാൻറാ മോണിക്കയുടെ കോട്ടയം, പാലാ, കാഞ്ഞിരപ്പള്ളി, തൊടുപുഴ, കട്ടപ്പന, ചേർത്തല, മാവേലിക്കര, ഹരിപ്പാട്, പത്തനംതിട്ട, തിരുവല്ല ബ്രാഞ്ചുകളിൽ നടക്കുന്ന ‘സസന്തോഷം കാനഡ’ പരിപാടിയിൽ കാനഡയിലെ നൂറോളം സർവകലാശാലകളിലെയും കോളജുകളിലെയും പ്രതിനിധികളെ കാണുന്നതിനും നിലവിൽ കാനഡയിലെ വിവിധ സർവകലാശാലകളിൽ പഠിക്കുന്നവരും പഠനം പൂർത്തിയാക്കിയവരുമായ വിദ്യാർഥികളുമായി സംവദിക്കുന്നതിനും കാനഡയിലെ സിറ്റി എക്കണോമിക് ഡെവലപ്മെൻറ് കോർപറേഷൻ പ്രതിനിധികളുമായി സംസാരിക്കുന്നതിനും മാതാപിതാക്കൾക്കും വിദ്യാർഥികൾക്കും അവസരമൊരുക്കിയിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ ഡെന്നി തോമസ് വട്ടക്കുന്നേൽ പറഞ്ഞു.

‘സസന്തോഷം കാനഡ’യിൽ പങ്കെടുക്കുന്ന എല്ലാവർക്കും 50,000 രൂപയുടെ ഡിസ്കൗണ്ട് കൂപ്പണുകൾ ലഭിക്കും.

കൂടാതെ സ്പോട്ട് പ്രൊഫൈൽ അസസ്മെൻറ് നടത്താനും ഫാസ്റ്റ് ട്രാക്ക് അപേക്ഷ സമർപ്പിക്കാനും കഴിയും. പ്രവേശനം സൗജന്യമാണ്. www.santamonicaedu.in, വെബ്സൈറ്റിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാം.

സ്പോട്ട് രജിസ്ട്രേഷൻ സൗകര്യവുമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0484 4150999

# കെഎംഎ ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പര റൂഫ്ടോപ്പ് സൗരോർജ പദ്ധതി പരമാവധി പ്രോത്സാഹിപ്പിക്കപ്പെടണം




**കൊച്ചി:** കേരള മാനേജ്മെൻ്റ് അസോസിയേഷൻ (കെ എം എ) ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയുടെ ഭാഗമായി ഗ്രീൻ ഇനിഷ്യേറ്റിവ്സ് എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിച്ചു. കൊച്ചിൻ ഇൻ്റർനാഷണൽ എയർപോർട്ട് ന്യൂ വെൻചേഴ്സ് ജനറൽ മാനേജർ മിനി ജോസഫ് പ്രഭാഷണം നടത്തി. 2012 ലെ വൈദ്യുതി ചാർജ് വർധനവാണ് സിയാലിനെ സൗരോർജത്തിലേക്ക് നയിച്ചതെന്ന് മിനി ജോസഫ് ചൂണ്ടിക്കാട്ടി. അന്ന് ഒരു യൂണിറ്റിന് നാല് രൂപയിൽ നിന്നും 7 രൂപയിലേക്കാണ് സർക്കാർ വിമാനത്താവളങ്ങളുടെ വൈദ്യുതി ചാർജ് വർധിപ്പിച്ചത്. പ്രതിദിനം 48000 യൂണിറ്റായിരുന്നു സിയാലിൻ്റെ പ്രതിദിന വൈദ്യുതി ഉപഭോഗം. വൈദ്യുതി ചാർജ് വർധന 7 കോടിയിൽ നിന്ന് 12 കോടിയായി വർധിച്ചു. തുടർന്നാണ് സൗരോർജത്തെ കുറിച്ച് സിയാൽ ചിന്തിച്ചത്. യഥാർഥത്തിൽ പരിസ്ഥിതി സൗഹൃദം എന്നതിനേക്കാൾ സാമ്പത്തികലാഭം നേടാവുന്ന പദ്ധതി എന്ന നിലയിലാണ് സിയാൽ സൗരോർജ പാനൽ സ്ഥാപിച്ചത്. എന്നാൽ പിന്നീടാണ് പരിസ്ഥിതി സൗഹൃദത്തിന് ഏറ്റവും മികച്ച മാർഗ്ഗമാണിതെന്ന തിരിച്ചറിവുണ്ടാക്കിയത്. തുടർന്നാണ് പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന ആദ്യ വിമാനത്താവളം എന്ന ഖ്യാതിയിലേക്ക് സിയാൽ വളർന്നതെന്ന് അവർ ചൂണ്ടിക്കാട്ടി. സിയാലിൻ്റെ ഊർജ ഉപഭോഗം ദിവസേന വർധിച്ചു വന്നപ്പോഴാണ് ഊർജ സ്വയം പര്യാപ്തതയുടെ ആവശ്യകത ബോധ്യമായത്. 120000 യൂണിറ്റാണ് നിലവിൽ സിയാലിൻ്റെ പ്രതിദിന ഉപഭോഗം. എന്നാൽ 150000 യൂണിറ്റാണ് നിലവിൽ പ്രതിദിന സൗരോർജ ഉത്പാദനം. ബാക്കി വരുന്ന വൈദ്യുതി കെ എസ് ഇ ബി ക്ക് നൽകുകയാണ് ചെയ്യുന്നത്. റൂഫ്ടോപ്പ് സൗരോർജ പദ്ധതി പരമാവധി പ്രോത്സാഹിപ്പിക്കപ്പെടണമെന്നും അവർ പറഞ്ഞു. കാർബൺ ബഹിർഗമനം നിയന്ത്രിക്കാൻ മുൻകൈ എടുക്കേണ്ടത് ഏവിയേഷൻ മേഖലയിലാണ്. സിയാൽ കോഴിക്കോട് ആരംഭിക്കുന്ന ബി ഒ ടി മാതൃകയിലുള്ള ജലവൈദ്യുത പദ്ധതി ഉടൻ യാഥാർഥ്യമാകുമെന്നും അവർ ചൂണ്ടിക്കാട്ടി.കെ എം എ പ്രസിഡൻ്റ് ബിബു പുന്നൂരാൻ, അനിൽ വർമ്മ , അൾജിയേഴ്സ് ഖാലിദ് എന്നിവർ പ്രസംഗിച്ചു.



അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ നടന്ന മെറിറ്റ് ഡേയിൽ വിജയികളായ വിദ്യാർത്ഥികൾക്കുള്ള സെർട്ടിഫിക്കറ്റുകൾ കോഗ്നിസൻ്റ് ടെക്നോളജിസ് സീനിയർ ഡയറക്ടറും ക്യാമ്പസ് റിക്രൂട്ട്മെൻ്റ് റിലേഷൻഷിപ്പ് ഇന്ത്യൻ മേധാവിയുമായ അശ്വതി വേണുഗോപാൽ സമ്മാനിക്കുന്നു. ഡോ സുജേഷ് പി ലാൽ, ഡോ ജേക്കബ് തോമസ് വി , ഷിമിത്ത് പി ആർ, ഡോ ദീപ മേരി മാത്യൂസ്, ഡോ മിനി പി ആർ തുടങ്ങിവർ സമീപം

# ഫിസാറ്റിൽ മെറിറ്റ് ഡേ സംഘടിപ്പിച്ചു

**അങ്കമാലി:** ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ മെറിറ്റ് ഡേ സംഘടിപ്പിച്ചു. ബാംഗ്ലൂർ, കോഗ്നിസൻ്റ് ടെക്നോളജിസ് സീനിയർ ഡയറക്ടറും ക്യാമ്പസ് റിക്രൂട്ട്മെൻ്റ് റിലേഷൻഷിപ്പ് ഇന്ത്യൻ മേധാവിയുമായ അശ്വതി വേണുഗോപാൽ സമ്മേളനം ഉത്ഘാടനം ചെയ്തു. ചടങ്ങിൽ ഫിസാറ്റ് ചെയർമാൻ പി ആർ ഷിമിത്ത് അധ്യക്ഷത വഹിച്ചു. ഇ വർഷം കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് വിഭാഗത്തിലെ വിജയികളായ നൂറ്റി പതിനെട്ടു വിദ്യാർത്ഥികൾ തങ്ങളുടെ കോഴ്സ് പൂർത്തിയാക്കിയതിൻ്റെ സെർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങി. ചടങ്ങിൽ പ്രിൻസിപ്പൽ ഡോ ജേക്കബ് തോമസ് വി , വൈസ് പ്രിൻസിപ്പൽ ഡോ പി ആർ മിനി, എം സി എ എച് ഓ ഡി ഡോ ദീപ മേരി മാത്യൂസ്, പ്രോഗ്രാം കോഓർഡിനേറ്റർ ഡോ സുജേഷ് പി ലാൽ തുടങ്ങിവർ പങ്കെടുത്തു.

# കുസാറ്റിൽ 3 ഡി പ്രിൻ്റിങ്, കാഡ് സ്കിൽ ഡവലപ്മെൻ്റ് പ്രോഗ്രാമിൽ ഇൻറേൺഷിപ്പ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങിനോടനുബന്ധിച്ചുള്ള കാഡ് സെൻ്ററിൽ 2 ഡി,3 ഡി, മോഡലിങ്ങ്, 3 ഡി പ്രിൻ്റിങ്ങ് എന്നിവയിൽ മൂന്ന് മാസത്തെ ഇൻറേൺഷിപ്പ് പ്രോഗ്രാം ജൂലൈ 18 ന് ആരംഭിക്കും. എം.ടെക്ക്/ബി.ടെക്ക്/ഡിപ്ലോമ/എൻജിനായറിംഗ് ഐ.ടി.ഐ യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. കുസാറ്റിലെ വിദ്യാർത്ഥികൾക്ക് 9440/ രൂപയും മറ്റുള്ളവർക്ക് 11,800/ രൂപയുമാണ് ഫീസ്. അപേക്ഷ ഫോറവും സൗജന്യ പ്രോസ്പെക്ടസും www.cusat.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 04842862616, 7306061646, 9846178058, 7907462754, 9745006257 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

# തേവര പേരണ്ടൂർ കനാലിൽ ഫ്ളോട്ടിങ് വെറ്റ്ലാൻ്റുകൾ സ്ഥാപിച്ചു



**കൊച്ചി:** കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഇൻ്ററാക്ട് ജൈവ വൈവിധ്യ പദ്ധതിയുടെ ഭാഗമായി തേവര പേരണ്ടൂർ കനാലിൽ ഫ്ളോട്ടിങ്ങ് വെറ്റ്ലാൻ്റുകൾ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചു. ജലാശങ്ങളിലെ മലിനീകരണ നിയന്ത്രണത്തോടൊപ്പം കനാൽ സൗന്ദര വത്കരണത്തിനും ലോകവ്യാപകായി ഉപയോഗിക്കുന്ന ഫ്ളോട്ടിങ്ങ് വെറ്റ്ലാൻ്റുകൾ പനമ്പള്ളി വാക് വേയോട് ചേർന്നുള്ള കനാലിലാണ് സ്ഥാപിച്ചത്. കോയിത്തറ പാർക്കിനടുത്ത് നടന്ന ചടങ്ങിൽ മേയർ അഡ്വ. എം അനിൽ കുമാർ, വികസനകാര്യ സ്റ്റാൻ്റിങ്ങ് കമ്മിറ്റി ചെയർമാൻ പി. ആർ. റെനീഷ് , കൗൺസിലർമാരായ ആൻ്റണി പൈനൂതറ , ലതിക ടീച്ചർ, എന്നിവർ സംബന്ധിച്ചു. ജലാശയങ്ങളിലെ മലിനീകരണ നിയന്ത്രണത്തിനായുള്ള പ്രകൃതി ദത്ത പരിഹാര മാർഗ്ഗമാണ് ഫ്ലോട്ടിങ്ങ് വെറ്റ്ലാൻ്റുകൾ. ജലമലിനീകരണത്തിന് കാരണമാകുന്ന രാസവസ്തുക്കൾ വലിച്ചെടുത്ത് നിർവ്വീര്യമാക്കാൻ ശേഷിയുള്ള സസ്യങ്ങൾ ജലത്തിൽ പൊങ്ങിക്കിടക്കുന്ന പ്രത്യേകം തയ്യാറാക്കിയ തട്ടുകളിൽ വളർത്തിയെടുക്കുന്ന രീതിയാണിത്. ചക്കര ചേമ്പ്, കടൽ താളി, കുടപ്പുല്ല്, ഹെലിക്കോണിയം തുടങ്ങിയ സസ്യങ്ങളാണ് ഇതിനായി ഉപയോഗിക്കുന്നത്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഐ.സി. എൽ. ഇ.ഐ. ദക്ഷിണേഷ്യയുടെ സഹകരണത്തോടെ ജർമൻ പരിസ്ഥിതി മന്ത്രാലയത്തിൻ്റെ സാമ്പത്തിക സഹായത്തോടെ കൊച്ചി നഗരത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണ് ഇൻ്ററാക്ട് ബയോ ജൈവ വൈവിധ്യ പദ്ധതി. പ്രസ്തുത പദ്ധതിയുടെ പൈലറ്റ് പ്രൊജക്ടുകളിലൊന്നായാണ് ഫ്ലോട്ടിങ്ങ് വെറ്റ്ലാൻ്റുകൾ സ്ഥാപിച്ചത്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സിഹെഡ് ആണ് പദ്ധതിയുടെ ഏകോപനം.

# എൻ സി എ സോണൽ സമ്മേളനം പറവൂരിൽ

**കൊച്ചി:** നിധി കമ്പനീസ് അസോസിയേഷൻ എറണാകുളം സോണൽ സമ്മേളനം 14ന് പറവൂരിൽ നടക്കും.രാവിലെ 10 30 ന് പറവൂർ കെടാമംഗലം കവിത ഈവൻറ് ഹബ്ബിൽ ആരംഭിക്കുന്ന പൊതുസമ്മേളനം പ്രതിപക്ഷ നേതാവ് വി. ഡി സതീശൻ ഉദ്ഘാടനം ചെയ്യും. മുൻമന്ത്രി എസ്. ശർമ്മ, ബിജെപി സംസ്ഥാന ഉപാധ്യക്ഷൻ എ. എൻ രാധാകൃഷ്ണൻ എന്നിവർ മുഖ്യാതിഥികളായിരിക്കും. ബിസിനസ് മീറ്റ് ഉദ്ഘാടനം സംസ്ഥാന പ്രസിഡൻ്റ് ഡേവീസ് പാലത്തിങ്കൽ നിർവഹിക്കുന്നതാണ്. എം. വി മോഹനൻ അധ്യക്ഷൻ നായിരിക്കും. നിധി നിയമങ്ങളെക്കുറിച്ച് പഠന ക്ലാസ്, ബിസിനസ് പെർഫോമൻസ് അവാർഡ്, വിവിധ വിദ്യാഭ്യാസ അവാർഡുകളുടെ വിതരണം എന്നിവയാണ് പ്രധാന പരിപാടികളെന്ന് സെക്രട്ടറി കെ. ഒ വർഗീസ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 99473133 35 ൽ ബന്ധപ്പെടുക.



# ഹോണ്ട ഇന്ത്യ ഫൗണ്ടേഷൻ മാരിയറ്റ് ഗ്രൂപ്പുമായി ധാരണാപത്രം ഒപ്പുവച്ചു



**കൊച്ചി:** പ്രോജക്ട് ബുനിയാദിൻറെ ഭാഗമായി, ഹോണ്ട ഇന്ത്യ ഫൗണ്ടേഷൻ (എച്ച്ഐഎഫ്) മാരിയറ്റ് ഗ്രൂപ്പ് ഓഫ് ഹോട്ടൽസുമായി ധാരണാപത്രം (എംഒയു) ഒപ്പുവച്ചു. യുവാക്കളെ ശാക്തീകരിച്ച് കമ്മ്യൂണിറ്റികളെ പിന്തുണയ്ക്കാനുള്ള ഹോണ്ട ഫൗണ്ടേഷൻറെ പ്രതിബദ്ധത ഊട്ടിയുറപ്പിക്കുന്നതാണ് ഈ നീക്കം. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശമായ ജമ്മു കശ്മീരിൽ നിന്നുമുള്ള 1000 യുവാക്കൾക്ക് ഹോസ്പിറ്റാലിറ്റി മേഖലയിൽ 100 ശതമാനം തൊഴിലവസരങ്ങൾ ലഭ്യമാക്കുകയാണ് മാരിയറ്റ് ഗ്രൂപ്പ് ഓഫ് ഹോട്ടൽസുമായുള്ള സഹകരണത്തിലൂടെ ഹോണ്ട ഫൗണ്ടേഷൻ ലക്ഷ്യമിടുന്നത്.മാരിയറ്റ് ഇന്ത്യ ബിസിനസ് കൗൺസിൽ ചെയർമാൻ സഞ്ജയ് ഗുപ്ത, മാരിയറ്റ് നോർത്ത്, നേപ്പാൾ ആൻഡ് ഭൂട്ടാൻ എന്നിവയുടെ മാർക്കറ്റ് വൈസ് പ്രസിഡൻറ് അരുൺ കുമാർ , മാരിയറ്റ് ഗവ.അഫയേഴ്സ് ആൻഡ് സിഎസ്ആർ ഡയറക്ടർ ശ്വേത സഹൽ എന്നിവരുൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു. മാരിയറ്റ് നോർത്ത് എച്ച്ആർ ഏരിയ ഡയറക്ടർ ഗുർലീൻ ഭല്ല, ഹോണ്ട ഇന്ത്യ ഫൗണ്ടേഷൻ ഇന്ത്യ ട്രസ്റ്റി വിനയ് ധിംഗ്ര, ഹോണ്ട ഇന്ത്യ ഫൗണ്ടേഷൻ ഓപ്പറേറ്റിങ് ഓഫീസർ സത്യ പ്രകാശ് പാട്ടീൽ തുടങ്ങിയവർ ധാരണാപത്രം ഒപ്പിടൽ ചടങ്ങിൽ പങ്കെടുത്തു.

മാരിയറ്റ് ഗ്രൂപ്പ് ഓഫ് ഹോട്ടൽസുമായി സഹകരിക്കുന്നതിലൂടെ, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നുള്ള യുവാക്കളുടെ ജീവിതത്തിൽ യഥാർഥ മാറ്റമുണ്ടാക്കാൻ തങ്ങളുടെ കൂട്ടായ ശക്തിയെ പ്രയോജനപ്പെടുത്താൻ ലക്ഷ്യമിടുന്നതായി ഹോണ്ട ഇന്ത്യ ഫൗണ്ടേഷൻ ട്രസ്റ്റി വിനയ് ധിംഗ്ര പറഞ്ഞു. ഹോണ്ട ഇന്ത്യ ഫൗണ്ടേഷൻ സമൂഹത്തിൽ നല്ല സ്വാധീനം സൃഷ്ടിക്കാൻ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സംരംഭകർക്കായി സുസുക്കിയുടെ നെക്സ്റ്റ് ഭാരത് വെഞ്ചേഴ്സ്

Next Bharat
A SUZUKI INITIATIVE

**കൊച്ചി:** രാജ്യത്തെ സ്റ്റാർട്ട് അപ്പ് സംവിധാനത്തെ ഉത്തേജിപ്പിക്കുന്നതിനായി സുസുക്കി മോട്ടോർ കോർപറേഷൻറെ സബ്സിഡിയറിയായ നെക്സ്റ്റ് ഭാരത് വെഞ്ചേഴ്സ് ഐഎഫ്എസ്സി പ്രൈവറ്റ് ലിമിറ്റഡ് 340 കോടി രൂപയുടെ ഫണ്ടിനു തുടക്കം കുറിച്ചു. മൂല്യവത്തായ സംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകാൻ വേണ്ടിയുള്ളതാണ് നെസ്റ്റ് ഭാരത് എന്ന ഈ സാമൂഹ്യ ആഘാത നിക്ഷേപ ഫണ്ട്. മാറ്റങ്ങളുണ്ടാക്കാൻ കഴിയുന്ന സംരംഭകരെ പിന്തുണയ്ക്കുന്നതിലൂടെ രാജ്യത്തെ ജനങ്ങളെ ശാക്തീകരിക്കുന്നതിനാണ് നെക്സ്റ്റ് ഭാരത് ലക്ഷ്യമിടുന്നത്.നാലു മാസത്തെ സമഗ്രമായ നെക്സ്റ്റ് ഭാരത് റെസിഡൻസി പ്രോഗ്രാമാണ് നെക്സ്റ്റ് ഭാരതിൻറെ പ്രധാന സവിശേഷത. സംരംഭകർക്ക് അനിവാര്യമായ കഴിവുകളും അറിവുകളും നേടിയെടുക്കാൻ അവരെ പ്രാപ്തരാക്കാൻ ഉദ്ദേശിച്ചുള്ളതാണിത്. വളരാൻ താൽപര്യമുള്ള തുടക്കക്കാരായ സംരംഭകർക്കായുള്ള ഈ റെസിഡൻസി പ്രോഗ്രാമിനായി ലളിതമായ അപേക്ഷാ രീതിയാണ് അവതരിപ്പിച്ചിട്ടുള്ളത്. വാട്ട്സാപ് അധിഷ്ഠിത അപേക്ഷകളും സാധ്യമാണ്. 2024 ജൂലൈ 31 ആണ് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയ്യതി. പരിപാടി 2024 ഒക്ടോബർ 14ന് ആരംഭിക്കും. മാറ്റങ്ങൾ സൃഷ്ടിക്കാൻ പ്രാപ്തരായ സംരംഭകർ, പ്രശ്നങ്ങൾ പരിഹരിക്കാൻ കൃത്യമായ സമീപനമുള്ള സംരംഭകർ, ഗ്രാമീണ മേഖലയ്ക്കും അനൗപചാരിക മേഖലയ്ക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്താൻ പ്രതിബദ്ധതയുള്ള സംരംഭകർ തുടങ്ങിയവരെ കേന്ദ്രീകരിച്ചാവും റെസിഡൻസി പ്രോഗ്രാമിനുള്ള തെരഞ്ഞെടുപ്പെന്ന് സുസുക്കി മോട്ടോർ കോർപറേഷൻ പ്രസിഡൻറും സിഇഒയുമായ തോഷിഹിറോ സുസുക്കി പറഞ്ഞു.റെസിഡൻസി പ്രോഗ്രാമിൽ തെരഞ്ഞെടുക്കപ്പെടുന്നവർ എക്കാലവും നെക്സ്റ്റ് ഭാരത് കമ്യൂണിറ്റിയുടെ ഭാഗമായിരിക്കുകയും പരിപാടിക്ക് ശേഷവും അവർക്ക് തുടർച്ചയായ പിന്തുണയും വിഭവങ്ങളും ലഭിക്കുകയും ചെയ്യും. വ്യവസായ രംഗത്തെ മുൻനിരക്കാരുടെ മെൻററിങ് സേവനങ്ങൾ, ബിസിനസിനു തുടക്കം കുറിക്കാനും മുന്നോട്ടു കൊണ്ടു പോകാനുമുള്ള പിന്തുണ തുടങ്ങിയവ ലഭ്യമാക്കുന്ന സംവിധാനമായി ഇതു വർത്തിക്കും. റെസിഡൻസി പരിപാടിക്കു ശേഷം തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ട് അപ്പുകൾക്ക് ഒരു കോടി മുതൽ അഞ്ചു കോടി രൂപ വരെയുള്ള ഓഹരി നിക്ഷേപങ്ങളും ലഭിക്കും. ഈ സംരംഭകരെ അവശ്യം വേണ്ട അറിവുകൾ, നെറ്റ്വർക്കുകൾ, റിസ്ക് കാപിറ്റൽ അടക്കമുള്ള വിഭവങ്ങൾ എന്നിവ നൽകി പ്രോൽസാഹിപ്പിക്കലാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അതിലൂടെ അവരെ ചെറുകിടഇടത്തരം സംരംഭങ്ങളാക്കി വളർത്തുമെന്നും തോഷിഹിറോ സുസുക്കി പറഞ്ഞു.

# എസ്എആർ ടെലിവെഞ്ചർ കോമ്പോസിറ്റ് ഇക്വിറ്റി ഇഷ്യു പ്രഖ്യാപിച്ചു

**കൊച്ചി :** എസ്എആർ ടെലിവെഞ്ചർ ലിമിറ്റഡ് മൂലധന സമാഹരണത്തിനായി 450 കോടി രൂപയുടെ കോമ്പോസിറ്റ് ഇക്വിറ്റി ഇഷ്യു പ്രഖ്യാപിച്ചു. 300 കോടി രൂപയുടെ അവകാശ ഓഹരിയും 150 കോടി രൂപയുടെ തുടർ ഓഹരി വിൽപനയുമാണ് ഇതിൽ ഉൾപ്പെടുന്നത്.അവകാശ ഓഹരി വിതരണം ജൂലൈ 15 ന് തുടങ്ങി 22 ന് അവസാനിക്കും. ഓഹരി ഒന്നിന് 200 രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. 2024 ജൂലൈ ഒമ്പതിന് കമ്പനിയുടെ റെക്കോഡ് ബുക്കിൽ പേരുള്ള ഓഹരി ഉടമയ്ക്ക് ഇക്വിറ്റി ഓഹരി ഒന്നിന് ഒരു അവകാശ ഓഹരി വീതം ലഭ്യമാകും. എഫ്പിഒയ്ക്ക് 200 മുതൽ 210 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. ജൂലൈ മൂന്നിലെ കണക്ക് പ്രകാരം 265.70 രൂപയാണ് കമ്പനിയുടെ ഓഹരി വില.പാൻറോമത്ത് ക്യാപ്പിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് ഇഷ്യുവിൻറെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# കുസാറ്റ് റഡാർ ഗവേഷണ കേന്ദ്രം ഗവേഷകയ്ക്ക് അന്താരാഷ്ട്ര അവാർഡ്



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) റഡാർ ഗവേഷണ കേന്ദ്രം വിദ്യാർത്ഥിനി എയ്ഞ്ചൽ അനീറ്റ ക്രിസ്റ്റിക്ക്, ഏഷ്യ ഓഷ്യാനിയ ജിയോസയൻസ് സൊസൈറ്റി യുടെ മികച്ച പ്രബന്ധത്തിനുള്ള അന്താരാഷ്ട്ര ഗവേഷണ അവാർഡ് ലഭിച്ചു. 2024 ജൂൺ 23 മുതൽ 28 വരെ ദക്ഷിണ കൊറിയയിൽ വെച്ച് നടന്ന അന്താരാഷ്ട്ര കോൺഫെറൻസിൽ, അന്തരീക്ഷത്തിൻറെ ഏറ്റവും അടിത്തട്ടിലെ പാളിയായ ഭൂസ്പർശമണ്ഡലത്തിന്റെ സ്വഭാവ സവിശേഷതകൾ റഡാർ വിദൂര സംവേദനം മുഖേന മനസ്സിലാക്കുന്നതിനുള്ള നവീനമാർഗം ആവിഷ്കരിച്ചതിനാണ് അവാർഡ്. കുസാറ്റ് റഡാർ ഗവേഷണ കേന്ദ്രം ശാസ്ത്രജ്ഞൻ ഡോ. എം.ജി. മനോജിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ പ്രബന്ധത്തിനാണ് അഭിമാനാർഹമായ ഈ നേട്ടം. അന്തരീക്ഷത്തിലെ സംവഹന പ്രക്രിയ, കൂമ്പാര മേഘങ്ങളുടെ രൂപീകരണം, ഇടിമിന്നൽ, അന്തരീക്ഷ മലിനീകരണം, മൂടൽമഞ്ഞ് മുതലായവയുടെ പഠനത്തിന് അനുപേക്ഷണീയമായ നവീനമായ ഒരു സങ്കേതമാണ് ഈ പ്രബന്ധത്തിലൂടെ അവതരിപ്പിച്ചത്.

കൊല്ലം ടാഗോർ ജംഗ്ഷൻ ഓസ്റ്റിൻ വില്ലയിൽ ക്രിസ്റ്റഫറിന്റെയും വിമലയുടെയും മകളാണ് ഏഞ്ചൽ. ബെനീറ്റ, ഓസ്റ്റിൻ എന്നിവർ സഹോദരങ്ങളാണ്.

# ലോക ചർമ ആരോഗ്യദിനം 8ന്; ക്യാമ്പയിനുമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ

**കൊച്ചി:** ലോക ത്വക്ക് ആരോഗ്യദിനത്തിൽ പുതിയ ക്യാമ്പയിനുമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ. വിവിധതരം ഭക്ഷണങ്ങൾ ചർമത്തെയും മൊത്തത്തിലുള്ള ആരോഗ്യത്തെയും നേരിട്ട് ബാധിക്കുന്നതിനാൽ, ബദാം പോലുള്ള പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ ഉൾപ്പെടുത്തി ശുദ്ധവും സമീകൃതവുമായ ഭക്ഷണക്രമം നിലനിർത്തേണ്ടത് പ്രധാനമാണെന്ന് ക്യാമ്പയിൻ പറയുന്നു. എല്ലാ വർഷവും ജൂലൈ 8നാണ് ലോക ത്വക്ക് ആരോഗ്യ ദിനം ആചരിക്കുന്നത്. 15 അവശ്യ പോഷകങ്ങളാൽ സമ്പന്നമായ ബദാമിന് നമ്മുടെ ചർമത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാനും കാലക്രമേണ ഘടനയും ടോണും മെച്ചപ്പെടുത്താനും കഴിയുമെന്ന് ഇതേകുറിച്ച് സംസാരിക്കവേ പ്രശസ്ത ചർമ വിദഗ്ധയും കോസ്മെറ്റോളജിസ്റ്റുമായ ഗീതിക മിത്തൽ ഗുപ്ത പറഞ്ഞു. ഭക്ഷണത്തിൽ ബദാം ഉൾപ്പെടുത്തുന്നത് ചർമത്തിലെ ചുളിവുകൾ കുറയ്ക്കുന്നതിന് സഹായിക്കും. ആരോഗ്യകരമായ കൊഴുപ്പും വിറ്റാമിൻ ഇ എന്നിവയാൽ സമ്പന്നമായ ബദാം ചർമത്തിന്റെ ആരോഗ്യത്തിന് ഗുണം ചെയ്യുന്ന ആന്റിഏജിങ് ഗുണങ്ങൾക്കും പേരുകേട്ടതാണ്. സൂര്യപ്രകാശത്തിൽ നിന്ന് ചർമത്തിന് കേടുപാടുകൾ വരുത്തുന്നതിന്റെ പ്രാഥമിക ഉറവിടമായ യുവിബി പ്രകാശത്തിനെതിരെ ചർമത്തിന്റെ പ്രതിരോധശേഷി വർധിപ്പിക്കാനും, അതേസമയം തന്നെ ചർമത്തിന്റെ ഘടനയും ടോണും മെച്ചപ്പെടുത്താനും ബദാം പതിവായി കഴിക്കുന്നതിലൂടെ സാധിക്കുമെന്നും അവർ പറഞ്ഞു.

# ഐജെൻ ടോപ് 50 ആർക്കിടെക്റ്റ് പട്ടികയിൽ ഇടം നേടി മലയാളി



**കൊച്ചി:** രാജ്യത്തെ നാൽപതു വയസിൽ താഴെയുള്ള മികച്ച ആർക്കിടെക്ചർമാരുടെ പട്ടികയിൽ ഇടം പിടിച്ച് മലയാളി യുവ ആർക്കിടെക്റ്റ് ജോസി പോൾ. ആർക്കിടെക് ആൻഡ് ഇന്റീരിയേഴ്സ് ഇന്ത്യ ഏർപ്പെടുത്തിയ പുരസ്കാരം ബംഗളൂരുവിൽ നടന്ന ചടങ്ങിൽ വെച്ച് ജോസി പോൾ ഏറ്റുവാങ്ങി. അങ്കമാലി എളവൂർ നെല്ലിശേരി വീട്ടിൽ പോളി ജോസിന്റെയും ലിംസി പോളിയുടെയും മകനായ ജോസി പ്രശസ്ത ആർക്കിടെക്റ്റ് ഹഫീസ് കോൺട്രാക്ടറുടെ മുംബൈയിലെ സ്ഥാപനത്തിൽ അസോസിയേറ്റ് ആർക്കിടെക്റ്റായി ജോലി ചെയ്യുകയാണ്. ഐ.ഇ.എസ്. എൻജിനീയറിങ് കോളജിൽ നിന്ന് ബി.ആർക് പാസായ ജോസി 2018 ൽ ഹഫീസ് കോൺട്രാക്ടർക്കൊപ്പം ചേർന്നു. ജോലിക്കൊപ്പം തന്നെ കട്ടക്കിലെ പീലുമോഡി കോളജ് ഓഫ് ആർക്കിടെക്ചറിൽ നിന്ന് ആർക്കിടെക്ചറിൽ ബിരുദാനന്തര ബിരുദവും നേടി. പ്രധാനമന്ത്രി ആവാസ് യോജനയിൽ 5.5 കോടി ചതുരശ്രയടിയിൽ 60000 വീടുകൾ നിർമിച്ച മുംബൈ സിഡ്കോ മാസ് ഹൗസിങ്, 115 ഏക്കറിൽ 14000 വീടുകളുമായി റൺവേ ഗാർഡൻസ്(1.8 കോടി ചതുരശ്രയടി), 135 ഏക്കറിൽ 16000 വീടുകളുള്ള റൺവേ മൈസിറ്റി, മുംബൈ ഡോംബിവ്ലിയിലെ യൂറോ സ്കൂൾ, 30000പേരെ പുനരധിവസിപ്പിക്കുന്ന താനെ അർബൻ നവീകരണ പദ്ധതി എന്നിവ ജോസിയുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കുന്നത്.




# കതിരവൻ അയ്യങ്കാളിയായി മമ്മൂട്ടിയെത്തുന്നു

**കൊച്ചി:** മലയാള ചലച്ചിത്രരംഗത്ത് കുറച്ചുകാലമായി ഏറെ ചർച്ച ചെയ്യപ്പെട്ട അയ്യങ്കാളിയായി മമ്മൂട്ടിയെത്തുമോ എന്ന ആശങ്കകൾക്ക് വിരാമമായി. ചരിത്രപുരുഷൻ മഹാത്മാ അയ്യങ്കാളിയായി മഹാനടൻ മമ്മൂട്ടി തന്നെ എത്തുകയാണ്. യുവ സംവിധായകൻ അരുൺരാജ് ആണ് മമ്മൂട്ടി അയ്യങ്കാളിയായി എത്തുന്ന 'കതിരവൻ' സംവിധാനം ചെയ്യുന്നത്. ചിത്രത്തിന് ക്യാമറ ചലിപ്പിക്കുന്നതും അദ്ദേഹം തന്നെയാണ്. കഥയും തിരക്കഥയും സംഭാഷണവും ഒരുക്കുന്നത് നാടക പ്രവർത്തകനും തിരക്കഥാകൃത്തുമായ പ്രദീപ് താമരക്കുളമാണ്. ഡ്രീം ലാൻറ് പ്രൊഡക്ഷൻ ഹൗസിൻറെ ബാനറിൽ പ്രവാസി മലയാളികളായ നാല് യുവ സംരംഭകരാണ് ചിത്രം നിർമ്മിക്കുന്നത്. മലയാളത്തിലെ പ്രമുഖ താരങ്ങളും പ്രശസ്ത ടെക്നീഷ്യൻസുമാണ് ചിത്രം ഒരുക്കുന്നതെന്ന് സംവിധായകൻ അരുൺരാജ് വ്യക്തമാക്കി. ചിത്രം സംബന്ധിച്ച് പല തരത്തിലുള്ള ചർച്ചകൾ നടക്കുന്നതിനാൽ കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്താനാവില്ലെന്നും സംവിധായകൻ പറഞ്ഞു. കതിരവനായി മമ്മൂട്ടി തന്നെയാണ് എത്തുന്നത്. അത് സംബന്ധിച്ച് യാതൊരു സംശയവും വേണ്ട. 'കതിരവൻ' ഒരുക്കുന്ന തിരക്കിലാണ് താൻ. ഇത് എൻറെ മൂന്നാമത്തെ സിനിമയാണ്. കതിരവന്റെ വർക്കുകൾ തുടങ്ങിക്കഴിഞ്ഞു. മലയാളിയെ മനുഷ്യനാക്കിയവരിൽ ഏറ്റവും പ്രമുഖനാണ് അയ്യങ്കാളി. ആ പോരാളിയുടെ യഥാർത്ഥ ജീവിതമാണ് കതിരവൻ പറയുന്നത്. അയ്യങ്കളിയുടെ ജീവിതം സംബന്ധിച്ച് ദീർഘകാലത്തെ ഗവേഷണവും പഠനങ്ങളും നടത്തിയാണ് ചിത്രത്തിൻറെ കഥയൊരുക്കിയിട്ടുള്ളത്. തീർച്ചയായും പ്രേക്ഷകർ ഇരുകൈയ്യും നീട്ടി സ്വീകരിക്കുന്ന ചിത്രമായിരിക്കും കതിരവൻ എന്ന് അരുൺരാജ് പറഞ്ഞു. പി ആർ ഒ പി.ആർ.സുമേരൻ.



# അയാം ഇൻ

ഡയാന ഹമീദിനെ കേന്ദ്ര കഥാപാത്രമാക്കി റൈറ്റ് മൂവീ പ്രൊഡക്ഷന്റെ ബാനറിൽ നവാഗതനായ ടിനുഷ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'അയാം ഇൻ ' എന്ന ഹൊറർ ത്രില്ലർ ചിത്രത്തിന്റെ പൂജയും സ്വിച്ചോൺ കർമ്മവും ഇടപ്പള്ളി സെന്റ് ജൂഡ് പള്ളി ഹാളിൽ നടന്നു.ശ്രീജിത്ത് രവി. മാല പാർവതി,ടി ജി രവി,ക്രിസ് വേണുഗോപാൽ,ശ്രുതി ജയൻ തുടങ്ങിയവരാണ് പ്രമുഖ താരങ്ങൾ.സാറാ മാർഷൽ എന്ന നായിക കഥാപാത്രത്തെയാണ് ഡയാന അവതരിപ്പിക്കുന്നത്.

ഛായാഗ്രഹണം മെൽവിൻ കുരിശിങ്കൽ, എഡിറ്റർ അലക്സ് വർഗീസ്,പ്രൊഡക്ഷൻ കൺട്രോളർആന്റണി ഏലൂർ,ബാക്ക് ഗ്രൗണ്ട് സ്കോർഷഫീഖ് റഹ്മാൻ ,മേക്കപ്പ്രാജീവ് അങ്കമാലി,ആർട്ട്പ്രദീപ് എം വി, ഹൊറർ പശ്ചാത്തലത്തിൽ ഒരുങ്ങുന്ന ഈ സിനിമ യുടെ ചിത്രീകരണം പീരുമേട്. തൊടുപുഴ എന്നീ ഭാഗങ്ങളിലായി ഉടൻ ആരംഭിക്കുന്നു.പി ആർ ഒഎ എസ് ദിനേശ്.

# ഗെറ്റ് സെറ്റ് ബേബി




ഉണ്ണി മുകുന്ദൻ,നിഖില വിമൽ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി വിനയ് ഗോവിന്ദ് സംവിധാനം ചെയ്യുന്ന 'ഗെറ്റ് സെറ്റ് ബേബി 'എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.ഐ വി എഫ് സ്പെഷ്യലിസ്റ്റ് ആയ ഡോക്ടർ നേരിടുന്ന പ്രശ്നങ്ങളും അത് പരിഹരിക്കാൻ അയാൾ കണ്ടെത്തുന്ന വഴികൾ രസകരമായ രീതിയിൽ പ്രതിപാദിക്കുന്ന ചിത്രമാണ് 'ഗെറ്റ്സെറ്റ് ബേബി'.ദേശീയ അവാർഡ് നേടിയ മേപ്പടിയാൻ, ഷഫീക്കിന്റെ സന്തോഷം, മാളികപ്പുറം തുടങ്ങിയ കുടുംബ ചിത്രങ്ങളിലൂടെ ഏറേ ശ്രദ്ധേയനായ ഉണ്ണിമുകുന്ദന്റെ മറ്റൊരു തികച്ചും വ്യത്യസ്തമായ ഒരു കഥാപാത്രത്തെയാണ് ഈ ചിത്രത്തിലൂടെ അവതരിപ്പിക്കുന്നത്. പ്രതീക്ഷകളോടെ ജീവിതത്തെ കാണുന്ന, ശക്തമായ നായികാ കഥാപാത്രത്തെ നിഖില വിമൽ അവതരിപ്പിക്കുന്നു.സ്കന്ദ സിനിമാസ്, കിംഗ്സ്മെൻ എൽ എൽ പി എന്നിവയുടെബാനറിൽ സുനിൽ ജെയിൻ,സജിവ് സോമൻ,പ്രകാഷലി ജെയിൻ,സാം ജോർജ്ജ്എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ കഥ, തിരക്കഥ,സംഭാഷണംരാജേഷ് വൈ വി,അനൂപ് രവീന്ദ്രൻ എന്നിവർ ചേർന്നെഴുതുന്നു.

അലക്സ് ജെ പുളിക്കൽ ഛായാഗ്രഹണം നിർവഹിക്കുന്നു. കോ പ്രൊഡ്യൂസേഴ്സ്പരിധി ഖണ്ടേൽവാൽ, അഡ്വക്കേറ്റ് സ്മിത നായർ ഡി,എഡിറ്റർഅർജു ബെൻ,സംഗീതം സാം സി എസ്, പ്രൊഡക്ഷൻ കൺട്രോളർപ്രണവ് മോഹൻ,പ്രൊഡക്ഷൻ ഡിസൈനർസുനിൽ കെ ജോർജ്,മേക്കപ്പ്ജിതേഷ് പൊയ്യ, വസ്ത്രാലങ്കാരംസമീറാ സനീഷ്, സൗണ്ട് ഡിസൈൻശ്രീ ശങ്കർ, ചീഫ് അസോസിയേറ്റ് ഡയറക്ടർസുകു ദാമോദർ,സ്റ്റിൽസ്ബിജിത്ത് ധർമ്മടം,പരസ്യകലയെല്ലോ ടൂത്ത്സ്,സാമൂഹികപ്രസക്തിയുള്ള ഈ ഫാമിലി എന്റർടെയിനർ ചിത്രത്തിൽ നിരവധി വൈകാരികമുഹൂർത്തങ്ങളെ നർമ്മത്തിൽ ചാലിച്ച് അവതരിപ്പിക്കുന്നു.പി ആർ ഒ എ എസ് ദിനേശ്.




# പാണ്ഡവ ലഹള

ജഗദീഷ് ,ഇന്ദ്രൻസ്,പ്രശാന്ത് അലക്സാണ്ടർ, മീനരാജ്, ഭാഗ്യ, ഋഷികേശ് തുടങ്ങിയവരെ കഥാപാത്രങ്ങളാക്കി ഉത്സവ് രാജീവ്,ഫഹദ് നന്ദു എന്നിവർ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'പാണ്ഡവ ലഹള' എന്ന ചിത്രത്തിന്റെ ചിത്രീകരണം പിറവത്തിന്റെ പൈതൃകമായ വടക്കില്ലത്ത് മനയിൽ തുടങ്ങി. ഫ്രാഗ്രന്റ് നേച്ചർ ഫിലിം ക്രിയേഷൻസിന്റെ ബാനറിൽ ആൻ സജീവ്,സജീവ് പി കെ എന്നിവർ നിർമ്മിക്കുന്ന പാണ്ഡവ ലഹളയുടെ സ്വിച്ചോൺ നിർമ്മാതാവ് ആൻ നിർവ്വഹിച്ചു.ഇന്ദ്രൻസ്, ജഗദീഷ്,പ്രാഗ് സി എന്നിവർ ചേർന്ന് ക്ലാപ്പടിച്ചു. പ്രണയം,ഖൽബ്,ഗോളം യുണൈകിങ്ഡം ഓഫ് കേരള, കിണർ,കേണി തുടങ്ങി ഏഴോളം സിനിമകൾ നിർമിച്ച സൗത്ത് ഇന്ത്യയിലെ നിർമാണകമ്പനിയാണ് ഫ്രാഗ്രന്റ് നേച്ചർ ഫിലിം ക്രിയേഷൻസ്. മുഴുനീള ഹാസ്യ സിനിമയായ പാണ്ഡവ ലഹള യുടെ ഛായാഗ്രഹണം അൽഫാസ്ജഹാംഗീർ നിർവഹിക്കുന്നു. സംഗീതം ബിജിബാൽ,പ്രൊഡക്ഷൻ കൺട്രോളർസതീഷ് കാവിൽ കോട്ട, കല ഷിജി പട്ടണം, വസ്ത്രലങ്കാരം സൂര്യ രാജേശ്വരി,മേക്കപ്പ്പട്ടണം ഷാ,എഡിറ്റർവിഎസ് വിനീഷ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ കെ ജി രജേഷ്കുമാർ, അസോസിയേറ്റ് ഡയറക്ടർസുമേഷ് കുമാർ,കാർത്തിക്, അസിസ്റ്റന്റ് ഡയറക്ടർ ആന്റോ,പ്രാഗ് സി,സ്റ്റിൽസ്രാംദാസ് മാത്തൂർ,വിഎഫ്എക്സ്അജീഷ് തോമസ്,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്ശിവൻ പൂജപ്പുര,പി ആർ ഒഎ എസ് ദിനേശ്.

# പഞ്ചായത്ത് ജെട്ടി 26ന്




സപ്തത രംഗ് ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ഇൻ അസോസിയേഷൻ വിത്ത് ഗോവിന്ദ് ഫിലിംസിന്റെ ബാനറിൽ മറിമായം താരങ്ങളായ മണികണ്ഠൻ പട്ടാമ്പി,സലിം ഹസ്സൻ എന്നിവർ ചേർന്ന് സംവിധാനം ചെയ്യുന്ന പഞ്ചായത്ത് ജെട്ടി ജൂലായ് ഇരുപത്തിയാറിന് പ്രദർശനത്തിനെത്തുന്നു.മണികണ്ഠൻ പട്ടാമ്പി,സലിം ഹസ്സൻ,നിയാസ് ബക്കർ,വിനോദ് കോവൂർ,ഉണ്ണിരാജ്, മണി ഷൊർണൂർ, റിയാസ്,രാഘവൻ, സജിൻ,സെന്തിൽ, അരുൺ പുനലൂർ, ആദിനാട് ശശി,ഉണ്ണി നായർ,രചന നാരായണൻകുട്ടി, സ്നേഹശ്രീകുമാർ, വീണാ നായർ,രശ്മി അനിൽ,കുളപ്പുള്ളിലീല,സേതുലക്ഷ്മിയമ്മ,ഷൈനി സാറ,പൗളി വിത്സൻ കൂടാതെ അമ്പതിലധികം നടീനടന്മാരും പഞ്ചായത്ത് ജെട്ടിയിൽ അഭിനയിക്കുന്നു.ക്രിഷ് കൈമൾ ഛായാഗ്രഹണം നിർവഹിക്കുന്നു.സന്തോഷ് വർമ്മ എഴുതിയ വരികൾക്ക് രഞ്ജിൻ രാജ് സംഗീതം പകരുന്നു.എഡിറ്റിംഗ് ശ്യാം ശശീധരൻ,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ പ്രേം പെപ്കോ,ബാലൻ കെ മങ്ങാട്ട്,പ്രൊഡക്ഷൻ കൺട്രോളർ ബാബുരാജ് മനിശ്ശേരി,ആർട്ട് സാബുമോഹൻ,മേക്കപ്പ് ഹസ്സൻ വണ്ടൂർ,കോസ്റ്റ്യൂം ഡിസൈനർ അരുൺ മനോഹർ,സ്റ്റിൽസ് സലീഷ് പെരിങ്ങോട്ടുകര, പരസ്യകല യെല്ലോ ടൂത്ത്സ്, സൗണ്ട് ഡിസൈൻ അരുൺ വർമ്മ,ചീഫ് അസോസിയേറ്റ് ഡയറക്ടർ രാജേഷ് അടൂർ,പ്രൊഡക്ഷൻ എക്സിക്യൂട്ടിവ് പ്രഭാകരൻ കാസർകോട്, പ്രൊഡക്ഷൻ മാനേജർ അതുൽ. പ്രേക്ഷക ഹൃദയങ്ങൾ കീഴടക്കിയ ടി വി പരമ്പര ' മറിമായം ' ത്തിലെ എല്ലാ താരങ്ങളും അഭിനയിക്കുന്ന ചിത്രമാണ് 'പഞ്ചായത്ത് ജെട്ടി'.പി ആർ ഒഎ എസ് ദിനേശ്.



കേരള സർക്കാരിന്റെ ശുചിത്വമിഷനുമായി സഹകരിച്ച് മാലിന്യമുക്ത നവകേരളം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷന്റെ നേതൃത്വത്തിൽ ഹോട്ടലുകളിൽ ജൈവ-അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് സ്ഥാപിക്കുന്നതിനുള്ള വേസ്റ്റ് ബിന്നുകളുടെ പർച്ചേസ് ഓർഡർ കെ.എച്ച്.ആർ.എ. ഓഫീസിൽ നടന്ന ചടങ്ങിൽ സംസ്ഥാനപ്രസിഡന്റ് ജി. ജയപാലിൽനിന്നും ചെയർമാൻ ബ്രാന്റിന്റെ നിർമ്മാതാക്കളായ ഫ്രണ്ട്സ് പോളിപ്ലാസ്റ്റ് കമ്പനി എം.ഡി. രഞ്ജിത്ത് സ്വീകരിക്കുന്നു.

# പക്ഷിപ്പനി: വിദഗ്ധ സമിതി ഉടൻ റിപ്പോർട്ട് സമർപ്പിച്ചേക്കും

**ആലപ്പുഴ:** പക്ഷിപ്പനിയെക്കുറിച്ചു പഠിക്കാൻ നിയോഗിച്ച വിദഗ്ധ സമിതി ഉടൻ റിപ്പോർട്ട് സമർപ്പിച്ചേക്കും. രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണു 18 അംഗ വിദഗ്ധ സമിതിയോടു നിർദേശിച്ചിരുന്നത്. തുടർച്ചയായി പക്ഷിപ്പനി സ്ഥിരീകരിക്കാനുണ്ടായ സാഹചര്യവും പുതിയ വൈറസ് വകഭേദവും ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ടാകും സമർപ്പിക്കുക. ഇതിന്റെ പകർപ്പ് കേന്ദ്ര മൃഗസംരക്ഷണ വകുപ്പിനും നൽകും. തുടർന്നാകും പക്ഷിപ്പനി തടയാൻ ദീർഘകാലയളവിലേക്കു നടപ്പാക്കേണ്ട പദ്ധതികൾ രൂപപ്പെടുത്തുക.

അവസാനമായി പക്ഷിപ്പനി സ്ഥിരീകരിച്ച ചേന്നംപള്ളിപ്പുറം പഞ്ചായത്തിലെ 12 ാം വാർഡിലും ഇതിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള വയലാർ പഞ്ചായത്തിലെ അഞ്ചാം വാർഡിലും കള്ളിങ് (വളർത്തുപക്ഷികളെ ശാസ്ത്രീയമായി കൊന്നൊടുക്കൽ) ആരംഭിച്ചു. ചേന്നംപള്ളിപ്പുറം പഞ്ചായത്തിൽ 1300 വളർത്തുപക്ഷികളെയും വയലാർ പഞ്ചായത്തിലെ 5 ാം വാർഡിലെ 100 വളർത്തുപക്ഷികളെയുമാണു കൊന്നൊടുക്കുന്നത്.

ഇവയിൽ കൂടുതലും കോഴികളാണ്. ജൂൺ 27നു ശേഖരിച്ച സാംപിളിലാണു ചേന്നംപള്ളിപ്പുറത്തു പക്ഷിപ്പനി സ്ഥിരീകരിച്ചത്. 27നു ശേഷം ജില്ലയിൽ എവിടെയും പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടില്ല. ഇതു രോഗവ്യാപനം കുറയുന്നതിന്റെ ലക്ഷണമാണെന്നാണു മൃഗസംരക്ഷണ വകുപ്പിന്റെ വിലയിരുത്തൽ.

# ഹാൻഡ്‌ലൂം ആന്റ് ടെക്സ്റ്റൈൽസ് ടെക്നോളജി കോഴ്സ്

**കണ്ണൂർ:** കണ്ണൂർ, സേലം (തമിഴ്നാട്), ഗഡക്(കർണ്ണാടക), വെങ്കിടഗിരി (ആന്ധ്രപ്രദേശ്) എന്നിവിടങ്ങളിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജികളിൽ നടത്തുന്ന എ ഐ സി ടി ഇ അംഗീകാരമുള്ള ത്രിവത്സര ഹാന്റ്‌ലൂം ആന്റ് ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. എസ് എസ് എൽ സി അഥവാ തത്തുല്യ പരീക്ഷയിൽ ഇംഗ്ലീഷ് ഒരു വിഷയമായി പഠിച്ച് പാസ്സായവർക്ക് അപേക്ഷിക്കാം. പ്രായം 2024 ജൂലൈ ഒന്നിന് 15നും 23നും ഇടയിൽ. പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് പരമാവധി പ്രായം 25 വയസ്. 20 ശതമാനം സീറ്റുകൾ നെയ്ത്തു വിഭാഗത്തിൽപെട്ടവർക്ക് സംവരണം ചെയ്തിട്ടുണ്ട്.

അപേക്ഷ നേരിട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസിലും ഓൺലൈനായി www.iihtkannur.ac.in എന്ന വെബ്സൈറ്റ് വഴിയും സമർപ്പിക്കാം. അപേക്ഷയുടെ പ്രിന്റ് ഔട്ട് ജൂലൈ 10നകം എക്സിക്യൂട്ടീവ് ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജികണ്ണൂർ, പി ഒ കിഴുന്ന, തോട്ടട, കണ്ണൂർ 7 എന്ന വിലാസത്തിൽ ലഭ്യമാക്കണം. അപേക്ഷഫോറം ഇൻസ്റ്റിറ്റ്യൂട്ടിലും എല്ലാം ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും വെബ്സൈറ്റിലും ലഭിക്കും.

അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, ജനന സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി, കമ്മ്യൂണിറ്റി എന്നീ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിക്കണം. ഫോൺ: 0497 2835390, 2965390.

# ആശാ പ്രവർത്തകരെ നിയമിക്കുന്നു

**മേപ്പാടി:** ഗ്രാമപഞ്ചായത്തിലെ 15,20,21,22 വാർഡുകളിൽ ആശാ പ്രവർത്തകരെ നിയമിക്കുന്നു. അതത് വാർഡ് പരിധിയിലെ പത്താംക്ലാസ് യോഗ്യതയുള്ള 25 നും 45 നും ഇടയിൽ പ്രായമുള്ള വിവാഹിതരായവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുമായി ജൂലൈ 11 ന് രാവിലെ 10.30 ന് പഞ്ചായത്ത് ഹാളിൽ കൂടിക്കാഴ്ചക്ക് എത്തണം. ഫോൺ 04936 282854



# ബ്ലോക്ക് മാതൃകാ അഗ്രോ സർവീസ് സെന്റർ 51,471 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു

**പിറവം:** വിദഗ്ധ തൊഴിലാളികളുടെ ക്ഷാമം മൂലം പ്രതിസന്ധിയിലായ കൃഷി മേഖലയിൽ യന്ത്ര സഹായത്തോടെ നൂതന കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിനു തുടക്കമിട്ട ബ്ലോക്ക് മാതൃകാ അഗ്രോ സർവീസ് സെന്റർ വിജയക്കുതിപ്പിൽ. പ്രവർത്തനമാരംഭിച്ചു 10 വർഷം പിന്നിടുമ്പോൾ 8.96 കോടി രൂപയുടെ ബിസിനസാണു കർമസേന ചെയ്തത്. കൃഷിയുമായി ബന്ധപ്പെട്ടു 51,471 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ടെക്നീഷ്യൻമാർക്കു സർവീസ് ചാർജ് ഇനത്തിൽ 2.26 കോടി രൂപയും പെൻഷൻ ബോണസ് തുടങ്ങിയ ആനുകൂല്യങ്ങൾക്കു 28.54 ലക്ഷം രൂപയും ലഭിച്ചു.

2013 ലാണു കൃഷി വകുപ്പ് മുൻ അസിസ്റ്റന്റ് ഓഫിസർ വി.സി.മാത്യുവിന്റെ നേതൃത്വത്തിൽ അഗ്രോ സർവീസ് സെന്റർ ആരംഭിച്ചത്.യന്ത്ര സഹായത്തോടെ നഴ്സറി തയാറാക്കി ഞാറു നടീൽ, തെങ്ങിന്റെ തടം തീർക്കൽ, മണ്ട ശുചീകരണം, കൊയ്ത്ത്, നടീൽ വസ്തുക്കളുടെ ഉൽപാദനം, വിതരണം, തിരിനന, ഫാമിലി ഡ്രിപ്പ് തുടങ്ങി ഒട്ടേറെ മേഖലകളിൽ ഇപ്പോൾ സേനാംഗങ്ങളുടെ സേവനം ലഭിക്കും.

6 ഏക്കറോളം തരിശു പാടത്തിൽ തുടർച്ചയായി നെല്ല്, പച്ചക്കറി, എള്ള് കൃഷികൾ ചെയ്യുന്നുണ്ട്.ഈ വർഷം മാത്രം വിവിധ പഞ്ചായത്തുകളിലായി 25,150 തെങ്ങുകളുടെ മണ്ട ശുചിയാക്കി മരുന്നുതളി നടത്തി. കോട്ടയം,ഇടുക്കി ജില്ലകളിലും അഗ്രോ സർവീസ് സെന്റർ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നു. കുട്ടനാട്ടിലെ വിവിധ പാടശേഖരങ്ങളിലും പശ്ചിമ കൊച്ചിയിലെ പൊക്കാളി പാടങ്ങളിലും യന്ത്ര സഹായത്തോടെ നെൽക്കൃഷി ചെയ്യുന്നുണ്ട്.14 സ്ത്രീകൾ ഉൾപ്പെടെ 18 അംഗ സംഘമാണു കൃഷി ജോലികൾക്കു നേതൃത്വം നൽകുന്നത്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com